# നിറവ്

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കണ്ണൂർ |
| സ്കൂൾ കോഡ് | : | 13361 |
| സ്കൂളിൻറെ പേര് | : | ഗൗരിവിലാസം യുപി സ്കൂൾ,ചൊവ്വ |
| മേൽവിലാസം | : | ചൊവ്വ, കണ്ണൂർ |
| പിൻകോഡ് | : | 670006 |
| ഫോൺ നമ്പർ | : | 9495756565 |
| ഇമെയിൽ | : | gowrivilasamups@gmail.com |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| സബ് ജില്ല | : | കണ്ണൂർ നോർത്ത് |
| ക്ലാസുകൾ | : | 1 to 7 |
| മാനേജ്മെൻറ് | : | GOVT AIDED |
| പഠന മാധ്യമം | : | മലയാളം |

# ആമുഖം

കണ്ണൂർ കോർപ്പറേഷനിൽ ചൊവ്വ വാർഡിൽ തെഴക്കിൽ പീടികയിൽ എൻ എച്ച് 17 ൻെറ ഓരത്താണ് ഗൗരിവിലാസം യുപി സ്കൂൾ സ്ഥിതി ചെയ്യുന്നത്. വയലുകളും തോടും പച്ചപ്പും കൊണ്ട് മനോഹരമായിരുന്ന ഈ സ്ഥലത്തിൻെറ മനോഹാരിത നാടിൻെറ വികസനം മൂലം നഷ്ടപ്പെട്ടു. കാനാമ്പുഴയുടെ ഭാഗമായുള്ള ചൊവ്വത്തോട് വിദ്യാലയത്തിന് സമീപത്ത് കൂടെ ഒഴുകുന്നു. വിദ്യാലയത്തിൻെറ മുൻവശം നാഷണൽ ഹൈവേയും ഇടത് വശം ചൊവ്വ കെ എസ് ഇ ബി ഓഫീസും പവർസ്റ്റേഷനും സ്ഥിതിചെയ്യുന്നു. വിദ്യാലയത്തിന് സമീപം ധാരാളം വ്യാപാര സ്ഥാപനങ്ങളും ബാങ്കുകളും ഉണ്ട്. ഹൈവേയിലൂടെയുള്ള വാഹനങ്ങളുടെ ബാഹുല്യം കാരണം ശബ്ദമലിനീകരണം ഉണ്ടാവുന്നുണ്ട്. കണ്ണൂർ സൗത്ത് റയിൽവേ സ്റ്റേഷൻ, സ്പിന്നിംഗ് മിൽ എന്നിവയും വിദ്യാലയത്തിന് സമീപത്തായുണ്ട്. അക്കാദമിക രംഗത്ത് മികച്ച നിലവാരം പുലർത്തുന്ന സ്കൂൾ രണ്ട് മൂന്ന് വർഷങ്ങളായി എൽ എസ് എസ് സ്കോളർഷിപ്പുകൾ, ഇൻസ്പെയർ അവാർഡ് എന്നിവ നേടി വരുന്നുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേളകളിലും കലാമേളകളിലും മികവാർന്ന വിജയം നേടാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തിക-മാക്കി ക്കൊണ്ട് അക്കാദമിക രംഗത്തും കലാകായിക രംഗങ്ങളിലും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. എട്ട് വർഷമായി നടന്ന് വരുന്ന കരാട്ടെ പരിശീലനം കുട്ടികളുടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധിക്കാനും സഹായിച്ചിട്ടുണ്ട് .ചിട്ടയായ പ്ലാനിങ്, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കുന്നത് . ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു . പൊതു വിദ്യാലയ സംരക്ഷണ

യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പൂർവ്വ വിദ്യാർത്ഥികൾ ,നാട്ടുകാർ, ജനപ്രതിനിധികൾ, മാനേജ്മെൻറ് തുടങ്ങിയവരുടെ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായത് സ്കൂളിൻറെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത നടത്താനുമാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് . ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികളെ നാളെയുടെ വാഗ്ദാനങ്ങൾ ആയി മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# അക്കാദമികം - നേട്ടങ്ങൾ

ചിട്ടയായ പരിശീലനത്തിലൂടെ വിദ്യാലയത്തിലെ എൽ എസ് എസ് പരീക്ഷയ്ക്കിരുന്ന രണ്ട് കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. മൂന്ന് വിദ്യാർത്ഥികൾക്ക് യു എസ്എസ് സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും  വിവിധ ഗ്രേഡുകൾ  ലഭിച്ചു. കലാമേളകളിലും കുട്ടികൾ മികവാർന്ന പ്രകടനം കാഴ്ച വെച്ചു. കരാട്ടെ മത്സരത്തിൽ കുട്ടികൾക്ക് മെഡലുകൾ ലഭിച്ചു.

# പരിമിതികൾ

സയൻസ് ,സാമൂഹ്യ ശാസ്ത്രം, ഗണിതം എന്നിവയ്ക്ക് പ്രത്യേകം  ലാബ്  സൗകര്യമില്ല. കുട്ടികൾക്ക്  താത്പര്യമുള്ള  ഉപകരണ സംഗീതം, നൃത്തം, സംഗീതം തുടങ്ങിയ കലാപഠനം സാധ്യമാക്കുന്നതിന്  ആവശ്യമായ അധ്യാപകരില്ല. കായിക പരിശീലനത്തിന്

ആവശ്യമായ കളിസ്ഥലമോ അധ്യാപകരോ ഇല്ല. ഐടി പരിശീലനത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ പരിമിതമാണ്.പ്രത്യേക പരിശീലകരും ലഭ്യമല്ല.

## ഭൗതികം - നേട്ടങ്ങൾ

നിലവിൽ മുഴുവൻ ക്ലാസ് മുറികളും ടൈൽ ഇടാൻ സാധിച്ചു. മൂന്നു ക്ലസ് മുറികളെ പ്രോജക്ടർ സംവിധാനത്തോടെയുള്ള ഹൈടെക് മുറികളാക്കി ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ആവശ്യമായ ലൈബ്രറി ഒരുക്കിയിട്ടുണ്ട് .നാല് കമ്പ്യൂട്ടറുകളുള്ള ഒരു കമ്പ്യൂട്ടർ ലാബ് സ്കൂളിൻറെ മറ്റൊരു ഭൗതിക നേട്ടമാണ്.

## ഭൗതികം - പരിമിതികൾ

നാല് ക്ലാസ് മുറികൾ കുടി ഹൈടെക് നിലവാരത്തിലേക്ക് വരണം. ലൈബ്രറിയിൽ രണ്ടായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യമില്ല ലൈബ്രറികൾ ഷെൽഫിലാണ് സജ്ജീകരിച്ചിരിക്കുന്നത് ഒരു പ്രത്യേക വിശാലമായ ഒരു ലൈബ്രറി തയ്യാറാക്കേണ്ടതുണ്ട് ഒരു റീഡിങ് റൂം പണിയണം കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട് ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവ വൈവിധ്യ പാർക്ക് എന്നിവ ഒരുക്കണം. കലാവാസന പ്രോത്സാഹിപ്പത്തിന് ആവശ്യമായ പരിശീലനം നൽകാൻ പരിശീലകരും സൗകര്യവും ഉണ്ടാവണം കളിസ്ഥലം ചെറുതായതിനാൽ അല്പം കുടി വിശാലമായ ഒരു ഗ്രൗണ്ട് ലഭ്യമാക്കണം.

# ലക്ഷ്യങ്ങൾ

1. ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

2. അപ്പർ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികൾക്കും മലയാളം ,ഹിന്ദി, ഇംഗ്ലീഷ് ഭാഷ അനായാസം ആശയവിനിമയം ചെയ്യാനുള്ള പ്രാപ്തി നേടൽ.

3. അപ്പർ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴേക്കും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തി നേടൽ.

4. ഗണിതവുമായി ബന്ധപ്പെട്ട വസ്തുതകൾ പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കാനുള്ള കഴിവ് നേടൽ.

5. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തൽ..

6. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക നിലവാരം വർധിപ്പിക്കുക.

7. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലബോറട്ടറി നവീകരണം
7. ലൈബ്രറി ശാക്തീകരണം
8. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
9. പഠനയാത്രകൾ
10. അധ്യാപക ശാക്തീകരണം
11. സ്കൂൾ പ്രവൃത്തി പരിചയ പരിശീലനം
12. പച്ചക്കറി തോട്ടം
13. ശില്പശാലകൾ
14. മെഡിക്കൽ ക്യാമ്പുകൾ
15. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
16. ഗവേഷണാത്മക പഠനം
17. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
18. ഐടി പഠനം കാര്യക്ഷമമാക്കൽ
19. ജന്മദിനപുസ്തകം

20. ചിത്രരചന ക്യാമ്പ്

21. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

22. ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകൾ

23. കലാമേളകൾ

24. കോർണർ പിടിഎ

25. കായിക ശേഷി വികസനം

26. ഔഷധത്തോട്ട നിർമ്മാണം

# മലയാളം

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളിലും പഠനം നേട്ടം ഉറപ്പിക്കുക.

2. മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുക.

3. എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

4. എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

5. സാഹിത്യാഭിരുചി  വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യുക.

6. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഐസിടി പരമാവധി ഉപയോഗിക്കുക.

7. സെമിനാർ ,ശിൽപ്പശാല ,ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക.

8.  സഭാകമ്പമില്ലാതെ നിർദ്ദിഷ്ട വിഷയങ്ങളെ കുറിച്ച് അവതരണം

9. സാഹിത്യകാരന്മാരെകുറിച്ചും കവികളെകുറിച്ചും അവബോധമുണ്ടാക്കൽ

10.ക്ലാസ്സ് ലൈബ്രറി,സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ

# അടിസ്ഥാന ശാസ്ത്രം

## ലക്ഷ്യങ്ങൾ

1. 5,6,7 ക്ലാസ്സുകളിൽ പാഠ്യ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക.

2. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

3. കൃഷിയോടുള്ള താത്പര്യം വർദ്ധിപ്പിക്കുക

4. മുഴുവൻ കുട്ടികളേയും ശാസ്ത്രത്തിൻെറ പ്രക്രിയാശേഷികൾ ആർജ്ജിച്ച് നിശ്ചിത നിലവാരത്തിൽ എത്താൻ സഹായിക്കുക

5. ശാസ്ത്ര സർഗ്ഗാത്മകതയ്ക്കുള്ള അവസരം ലഭ്യമാക്കുക.

6. സസ്യ വൈവിധ്യങ്ങളെ കുറിച്ചുള്ള അറിവ് വർധിപ്പിക്കുക

7. മൈക്രോസ്കോപ്പ് സ്വന്തമായി ഉപയോഗിക്കുന്നു.

8. വ്യക്തി ശുചിത്വം,സാമൂഹിക ശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുക

9. സാംക്രമിക രോഗങ്ങളും ജീവിത ശൈലി രോഗങ്ങളും തിരിച്ചറിയുന്നു.

10. ശരീര അവയവങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു. അവയവങ്ങളുടെ ഘടന മനസ്സിലാക്കുന്നു.

11. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലെ കുറവ് പരിഹരിക്കുക.

# ഗണിതം

1. അടിസ്ഥാനപരമായ പിന്നോക്കാ- വസ്ഥ പരിഹരിച്ച് കുട്ടികളിൽ ഗണിതത്തിൽ താല്പര്യമുണ്ടാക്കുക.

2. ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കലും പിന്നോക്കാവസ്ഥ പരിഹരിക്കലും.

3.ഗണിത പഠനം ലളിതവും രസകരവും ആക്കുക

4. രണ്ടാം ക്ലാസിലെ കുട്ടികൾക്ക് 100 വരെയുള്ള സംഖ്യാബോധം .സംഖ്യ കളെ വ്യാഖ്യാനിക്കാനും,സങ്കലനം,വ്യവകലനം,എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

5. 3 4,5 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക.

6. സങ്കലനം, വ്യവകലനം, ഗുണനം, ഹരണം പ്രായോഗിക പ്രശ്നപരിഹരണം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു

# സാമൂഹ്യശാസ്ത്രം

1)സാമൂഹ്യ ശാസ്ത്രത്തിന്റെ  അടിസ്ഥാന  അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ

2) പഠിതാക്കളെ ചരിത്ര വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക

3)ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക

4)പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു

.

5)സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു

6)വിവരവിനിമയെ സാങ്കേതികവിദ്യയുടെ ഉപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു

# ഇംഗ്ലീഷ്

1)ശരിയായി ഇംഗ്ലീഷ് ശ്രവി ക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു

2)വായന വർദ്ധിപ്പിക്കുവാൻ

3)തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തനാക്കുന്നു

4)ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു

## ഹിന്ദി

കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ.

CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ

## അറബി

1)കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരാക്കുക

2)എഴുതാനുള്ള കഴിവ് വികസിപ്പിക്കുക

3)അറബിയിൽ അറിവ് നേടുക

4)ക്വിസ് കാർണിവൽ

| അടിസ്ഥാന ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 5,6,7 ക്ലാസ്സുകളിൽ പാഠ്യ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | . 5,6,7 ക്ലാസ്സുകളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br><br>നിരന്തര മൂല്യ നിർണ്ണയത്തിനാവവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റ് എന്നിവ നടത്തുന്നു.<br><br>ഉപകരണ നിർമ്മാണ ശില്പശാല നടത്തുന്നു. | വർഷം തോറും<br><br>വർഷം തോറും | സയൻസ് ക്ലബ്ബ് | |
| ജീവിത സാഹചര്യങ്ങളൽ നിന്നും ചുറ്റുപീടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br><br>ഔഷധ സസ്യങ്ങളെയും അവയുടെ പ്രാധാന്യവും തിരിച്ചറിയൽ | കണ്ടറിയാനൊരു യാത്ര<br>ഫീൽഡ് ട്രിപ്പ് (പുഴ ,കണ്ടൽക്കാട്,കുളം)<br><br>മരങ്ങൾ വെച്ച് പിടിപ്പിക്കൽ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യൽ.<br>ശാസ്ത്ര നാടകങ്ങൾ, സ്കിറ്റ്, ഫ്ലാഷ് മോബുകൾ,<br><br>സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ<br><br>ബോധവൽക്കരണ ക്ലാസ്സുകൾ | ജൂൺ-മാർച്ച് | | |
| കൃഷിയോടുള്ള താത്പര്യം വർദ്ധിപ്പിക്കുക | സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ.<br>വിവിധ കൃഷിസ്ഥലങ്ങൾ | ആഗസ്റ്റ്-മാർച്ച് | | |

| | | | | |
|---|---|---|---|---|
| | സന്ദർശിക്കുന്ന അഭിമുഖങ്ങൾ,ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | | |
| മുഴുവൻ കുട്ടികളേയും ശാസ്ത്രത്തിൻെറ പ്രക്രിയാശേഷികൾ ആർജ്ജിച്ച് നിശ്ചിത നിലവാരത്തിൽ എത്താൻ സഹായിക്കുക | ലാബ് ശാക്തീകരണം, വിഭവ ശേഖരണം<br><br>എല്ലാ ക്ലാസ്സുകളിലും സയൻസ് കോർണർ.<br><br><u>മാജിക് സയൻസ്</u><br>എല്ലാവർക്കും പരീക്ഷണം ചെയ്യാൻ ആഴ്ചയിലൊരു ദിവസം സയൻസ് മാജിക് ഷോ.<br><br>സ്കൂൾതല സയൻസ് എക്സിബിഷൻ കുട്ടിക്കൊരു ശാസ്ത്ര കിറ്റ്.<br><br>ശാസ്ത്രവിസ്മയച്ചുമർ<br><br>ശാസ്ത്രപാഠവുമായി ബന്ധപ്പെട്ട് എല്ലാ ക്ലാസ്സിലും ശാസ്ത്രവിസ്മയച്ചുമർ നിർമ്മിക്കുന്നു. | വർഷം തോറും<br><br>വർഷം തോറും | | |
| ശാസ്ത്ര സർഗ്ഗാത്മകതയ്ക്കുള്ള അവസരം | സ്കൂൾ ശാസ്ത്ര ലൈബ്രറി മെച്ചപ്പെടുത്തൽ<br><br>വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലസ്സുകൾ.<br>അഭിനയിക്കാം പഠിക്കാം<br>ശാസ്ത്ര നാടകങ്ങൾ, സ്കിറ്റ്, ഫ്ലാഷ് മോബുകൾ,<br>പരീക്ഷണക്കളരി<br>നിത്യജീവിത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുപരീക്ഷണങ്ങളലേർപ്പെടുന്നു. | | | |
| സസ്യ വൈവിധ്യങ്ങളെ കുറിച്ചുള്ള | വീട്ടിലും വിദ്യാലയത്തിലുമുള്ള സസ്യങ്ങളെ തിരിച്ചറിയുന്നു. പട്ടികപ്പെടുത്തുന്നു. | | | |

| | | | | |
|---|---|---|---|---|
| അറിവില്ലായ്മ | സസ്യ ആൽബം തയ്യാറാക്കുന്നു (ഇല ,വേര് ,പൂവ്,വിത്ത് എന്നിവയുടെ പ്രത്യേകതകൾ എഴുതുന്നു.<br>നിരീക്ഷണ പഠനം,<br>ഫീൽഡ് ട്രിപ്പ്, പഠന യാത്രകൾ,<br>അഭിമുഖങ്ങൾ | | | |
| മൈക്രോസ്കോപ്പ് സ്വന്തമായി ഉപയോഗിക്കുന്നു. | സസ്യകോശം ,ജന്തുകോശം നിരീക്ഷിക്കുന്നു.<br>സസ്യത്തിൻെറ വിവിധ ഭാഗങ്ങൾ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. | | | |
| വ്യക്തി ശുചിത്വം,സാമൂഹിക ശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുക<br><br>സാംക്രമികരോഗങ്ങളും ജീവിത ശൈലി രോഗങ്ങളും തിരിച്ചറിയുന്നു. | പോസ്റ്റർ നിർമ്മാണം.<br>നാടകങ്ങൾ, സ്കിറ്റ്, ഫ്ലാഷ് മോബുകൾ എന്നിവയിലൂടെയുള്ള ബോധവൽക്കരണം.<br><br>രോഗങ്ങളും അവയുടെ കാരണങ്ങളും കണ്ടെത്തൽ, പട്ടികപ്പെടുത്തൽ.<br>സർവ്വേ (പ്രദേശത്തുള്ള സാംക്രമികരോഗങ്ങളും ജീവിത ശൈലി രോഗങ്ങളും)<br>സെമിനാർ ( വിവിധരോഗങ്ങൾ) രോഗകാരണങ്ങളും അവയ്ക്കെതിരെയുള്ള മുൻകരുതലുകളും (ശില്പശാല,ബോധവൽക്കരണ ക്ലാസ്സ്)<br>വിദഗ്ധരുടെ ക്ലാസ്സ്. | | | |
| ശരീര അവയവങ്ങളെ കുറിച്ച് മനസ്സിലാക്കുന്നു. അവയവങ്ങളുടെ ഘടന | ചാർട്ട്, മോഡൽ നിർമ്മാണം.<br>ഐസിടി ഉപയോഗിച്ച് വീഡിയോ നിരീക്ഷിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| മനസ്സിലാക്കുന്നു. | | | | |
| ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലെ കുറവ് പരിഹരിക്കുക.<br><br>ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനം മെച്ചപ്പെടുത്തുക | ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കൽ.<br><br>ഡിജിറ്റൽ  ലൈവ് ക്ലാസ്സുകൾ.<br><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു.  പുതിയ കണ്ടെത്തലുകൾ,ശാസ്ത്ര സത്യങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | | | |

# ഗണിതം

| ലക്ഷ്യങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ കുട്ടികൾക്ക് 100 വരെയുള്ള സംഖ്യാബോധ ം .സംഖ്യ കളെ വ്യാഖ്യാനിക്കാനം,സങ്കലനം, വ്യവകലനം, എന്നിങ്ങനെ യുള്ള ശേഷി ഉറപ്പാക്കൽ<br><br>3 4,5 ക്ലാസുകളിൽ പാഠ്യപദ്ധതിയ ിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | ഗണിത കളികൾ മുത്തുകൾ,മഞ്ചാടികൾ ,സംഖ്യാ പോക്കറ്റ്,സംഖ്യാ കാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള കളികൾ<br><br>3,4,5 ക്ലാസുകളിൽ പാഠവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നിർമ്മിക്കുന്നു<br><br>ഉപകരണ നിർമ്മാണ ശില്പശാല നടത്തുന്നു.<br><br>നിരന്തര മൂല്യനിർണയം നടത്തുന്നു. | ഒരു വർഷം | | |
| | | | | |

| | | | | |
|---|---|---|---|---|
| ഗണിതത്തെ കൂടുതൽ ആസ്വാദ്യകര മായ വിഷയമാക്കി തീർക്കലും പിന്നോക്കാവ സ്ഥ പരിഹരിക്കലും. | ഗണിതത്തോട് ഇഴുകി ചേരാൻ മുത്തുകൾ, സ്മൈലി ബോളുകൾ, ബഹുവർണ്ണ ടോക്കണുകൾ,ചി ത്ര കാർഡുകൾ, സങ്കലന വ്യാഖ്യാന കാർഡുകൾ,ഗെയി ം ബോർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br><br>ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നു ചെല്ലാൻ പഠനോപകരണ ങ്ങൾക്ക് ഏറെ സാധ്യതയുള്ളതിന ാൽ രക്ഷിതാക്കൾ, കുട്ടികൾ,ബി ആർ സി etc..തുടങ്ങിയവരു ടെ സഹകരണത്തോ ടെ ഗണിതലാബ് ഒരുക്കി ഗണിതപഠനം എളുപ്പമാക്കുന്നു.<br><br>ഗണിതകേളികൾ, ക്ലാസ് തലത്തിൽ | 1 വർഷം | | |

| | | | | |
|---|---|---|---|---|
| | ശില്പശാല, ഗണിത ഗാനം,കുട്ടിക്കവിതകൾ ശേഖരണം, കണക്കിലെ കളികൾ ശേഖരണം, ജാമിതീയ രൂപങ്ങൾ നിർമ്മാണം, ഗണിതശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ ശേഖരണം.<br><br>ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു. | | | |
| 3 അക്കം മുതൽ 7 അക്കം വരെയുള്ള സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക. | സംഖ്യാ കാർഡുകൾ,ആവർത്തനവായന,എഴുത്ത്,അബാക്കസ്, ചിത്ര സഹായത്തോടെയുള്ള പഠനം.<br><br>സ്ഥാനവില പോക്കറ്റ് നിർമ്മാണം<br><br>വർക്ക്ഷോപ്പ് പ്രവർത്തനങ്ങൾ | | | |

| | | | | |
|---|---|---|---|---|
| | ക്ക് സാധ്യത ഒരുക്കുന്നു<br><br>കുട്ടികൾ സ്വന്തമായി സംഖ്യ പാറ്റേണുകൾ നിർമ്മിക്കുന്നു.<br><br>ഗണിത വിജയ പ്രവർത്തനങ്ങൾ<br><br>വിവിധതരം കളികൾ. | | | |
| സങ്കലനം, വ്യവകലനം, ഗുണനം, ഹരണം പ്രായോഗിക പ്രശ്നപരിഹരണം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു. | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ, കൂട്ടങ്ങളാക്കൽ, കെട്ടുകളാക്കൽ<br><br>അബാക്കസ്, പട്ടികപ്പെടുത്തൽ (നിത്യോപയോഗ സാധനങ്ങൾ), വർക്ക് ഷീറ്റുകൾ നിർമ്മാണം, സങ്കലന പട്ടിക പ്രദർശനം,വിലവിവരപ്പട്ടിക പ്രദർശനം, കേക്ക്,പപ്പടം, ലഡു etc നൽകി തുല്യമായി പങ്കുവെക്കൽ.<br><br>സംഖ്യ കാർഡുകൾ ഉപയോഗിച്ചുള്ള | | | |

| | | | | |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും<br><br>ഗണിതം മധുരമാക്കൽ<br>ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ .<br><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | സങ്കലനം,കല്ല്, വളപ്പൊട്ട്,മഞ്ചാടി, ഈർക്കിൽ etc കൂട്ടങ്ങളാക്കൽ, ഗ്രൂപ്പുകൾ ചേർന്ന് സങ്കലനം, കുസൃതി കണക്കുകൾ (സങ്കലനം, വ്യവകലനം,ഗുണനം, ഹരണം )<br><br>പസിൽ നിർമ്മാണം,ഗണിതകേളി, ഹോണസ്റ്റി ഷോപ്പ്<br><br>വർക്ക് ഷീറ്റ് നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുന്നു.<br><br>ഒറിഗാമി ശില്പശാല<br><br>വിവിധ രൂപങ്ങൾ നിർമ്മിച്ച് പ്രദർശനം സംഘടിപ്പിക്കൽ.<br><br>വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കൽ.ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ.<br><br>ഗണിതപാർക്ക്<br><br>ജ്യമിതീയ രൂപങ്ങൾക്ക് | | | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായിത്തിനായി പ്രയോജനപ്പെടുത്തുന്നു | പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ<br><br>ഗണിത ഗ്രാമം<br><br>ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br><br>ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ക്കിയകൾ ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾക്ക ഐടി സാധ്യതകൾഉപയോഗിക്കുന്നു. | | | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ<br><br>പഠിതാക്കളെ ചരിത്രവബോധം ഉള്ളവരാക്കി മാറ്റിയെടു | അങ്കത്തട്ട് കളിയിൽ നിന്ന് കാര്യത്തിലേക്ക്:-<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ( കടങ്കഥ ' അർത്ഥംമനസ്സിലാക്കാൻ പ്രയാസമുള്ള ചോദ്യങ്ങൾ) ഓരോ പഠിതാവിന് നൽകുന്നു.<br>ഓർമ്മച്ചെപ്പ്:-<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി പ് തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ | അക്കാദമിക വർഷാരംഭം ( ജൂൺ ) | | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| ക്കക | അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.<br><br>ഫീൽഡ് ട്രിപ്:-<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | | |

# ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your ear:- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു<br><br>Follow me if you can:- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br><br>Breaking news:- ഇംഗ്ലീഷ് റേഡിയോ | | | |

| | | | | |
|---|---|---|---|---|
| | വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രദ്ധിക്കുവാൻ അവസരം ഒരുക്കുന്നു<br><br>Missing man:- അധ്യാപികയു വിദ്യാർത്ഥിയ തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു തുടർന്ന് അധ്യാപികയു ടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾക്കുന്നു അധ്യാപികയു ടെ ഭാഗം മറ്റു<br><br>റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു തുടർന്ന് അധ്യാപികയു ടെ സംഭാഷണം | | | |

| | | | | |
|---|---|---|---|---|
| | നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾക്കുന്നു അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു.<br><br>Treasure hunt:- വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു പോയിന്റ് നൽകുന്നു.<br><br>Lets talk:- തനത് ഭാഷ | | | |

| | | | | |
|---|---|---|---|---|
| 2) വായന വർദ്ധിപ്പിക്കുവ ാൻ | സംസാരിക്കു ന്ന വ്യക്തികളുമാ യി ആശയവിനിമ യം നടത്തുവാനു ള്ള അവസരം ഒരുക്കുന്നു One man show:- കുട്ടികൾക്ക് വ്യത്യസ്തമായ ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനായ ത്തിന് പ്രോത്സാഹനം നൽകുന്നു<br><br>I too can:- വ്യത്യസ്ത തലങ്ങളിലായി വിവിധ വായനക്കാട്ടു കൾ ക്രമീകരിക്കുന്നു തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതി ൽ നിന്നും സങ്കീർണമായ തിലേക്ക് ) Leaning ladder:- പാഠഭാഗത്തുന | | | |

| | | | | |
|---|---|---|---|---|
| | ിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർത്തിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്ന വർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യും.<br><br>F. M corner:- വ്യത്യസ്തമായ കഥകൾ റീഡേഴ്സ് തിയേറ്റർ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | | | |

| | | | | |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തനാക്കുന്നു | reader of the month:- കുട്ടികൾക്ക് ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുകയും റീഡർ ഓഫ് ദി മന്തിന് തിരഞ്ഞെടുക്കുകയും ചെയ്യുന്നു<br><br>My droplets:- കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു<br>Alert zone:- സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്ത ിലും മറ്റു ക്ലാസ്സ് സുകളിൽ പ്രദർശിപ്പിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു | Fun time funda:- കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br><br>The grand camp:- ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയു ം ഉൾപ്പെടുത്തി ഒരു ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു കൂടാതെ കഥപറയൽ കഥയെഴുത്ത് റോൾപ്ലേ പ്രച്ഛന്നവേഷം കവിതയുടെ പ്രസംഗം ഡോക്യുമെന്ററ | | | |

| | | | | |
|---|---|---|---|---|
| | ി ഫിലിം ഷോ | | | |

## ഹിന്ദി

| ലക്ഷ്യങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിഎല്ലാക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | | ഹിന്ദി അധ്യാപകർ |
| CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക | കുട്ടികൾക്ക് പുത്തൻ ഉണർവ് | | | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| പിന്തുണ ഉറപ്പാക്കൽ<br><br>. | നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ .പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്<br><br>ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ | | | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ<br><br>എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം CWSN,SLOW LEARNERS കുട്ടികൾക്കായ ി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം<br><br>ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | | | |

| | | | | |
|---|---|---|---|---|
| | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.<br><br>ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരംഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം | | | |

| | | | | |
|---|---|---|---|---|
| | വാർത്തകൾ കാണാനുള്ള അവസരം കുട്ടികൾക്ക് മാനസികോല്ല ◌ാസം നിലനിർത്തി കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | | | |

# അറബി

| ലക്ഷ്യങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക നല്ല വായനക്കാരാക്കുക<br><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ആകർഷകമായ അറബിക് പുസ്തകങ്ങൾ ശേഖരിക്കാൻ അത് കാര്യക്ഷമമായി കുട്ടികളിലേക്ക് എത്തിക്കൽ കഥകൾ കവിതകൾ ചിത്രകഥകൾ വായന കോർണർ<br><br>ക്ലാസ് കയ്യെഴുത്ത് മാഗസിൻ നിർമ്മിക്കുന്നു ഓരോ ക്ലാസിലും അറബിക്കിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് | | | |

| | | | | |
|---|---|---|---|---|
| അറബിയിൽ<br>അറിവ് നേടുക<br><br><br><br><br><br>അറബിയിൽ<br>അറിവ് നേടുക<br><br><br><br><br><br><br><br><br>സാഹിത്യോ<br>ത്സവം<br><br><br><br><br><br><br><br><br><br><br><br><br>അറബിക്<br>ഭാഷാ ലാബ് | കയ്യെഴുത്ത്<br>മാഗസിനുകൾ<br>കുട്ടികൾ<br>നിർമ്മിക്കുന്നു<br>ഏറ്റവും<br>മികച്ചതിന്<br>സമ്മാനം<br>നൽകുന്നു<br><br>കയ്യെഴുത്ത്<br>മാഗസിനിലെ<br>മികച്ച<br>ആർട്ടിക്കുകൾ<br>ഉൾക്കൊള്ളിച്ച്<br>സ്കൂൾ<br>മാഗസിനുകൾ<br>തയ്യാറാക്കുക<br>ഓരോ<br>ദിവസവും<br>കിസ്സിന്റെ<br>ചോദ്യങ്ങൾ<br>തയ്യാറാക്കി<br>പ്രദർശിപ്പിക്കു<br>ന്നു കുട്ടികൾ<br>അത്<br>പകർത്തി<br>എഴുതി<br>മത്സരത്തിന്<br>തയ്യാറെടുക്കു<br>ന്നു<br>വിജയികൾക്ക്<br>സമ്മാനം<br>നൽകുന്നു | | | |

| | | | | |
|---|---|---|---|---|
| | പ്രതിഭകളെ കണ്ടെത്തുന്ന തിന് മത്സരങ്ങൾ നടത്തുന്നു അറബിക് സാഹിത്യോ ത്സവത്തിലെ മുഴുവൻ ഇനങ്ങളിലും) ദിനാചരണങ്ങ ൾ സംഘടിപ്പിക്കു ന്നു അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കു ന്നു<br><br>ഐടി സാധ്യതകൾ പ്രയോജനപ്പെ ടുത്തി കഥ കവിത ഫിലിം പ്രദർശനങ്ങ ൾ | | | |

| | | | | |
|---|---|---|---|---|
| | തനതായ അറബിക് ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക<br>അറബിക് ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ ഭാഷാ ഫസ്റ്റ് സംഘടിപ്പിക്കുന്നു | | | |

## ഉപമേഖല - ആരോഗ്യമുള്ള ശരീരം മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ വിദ്യാഭ്യാസം ഫലപ്രദമാക്കാൻ | കരാട്ടെ പരിശീലനം സ്വയം പ്രതിരോധം പെൺകുട്ടികൾക്ക്. | | | | |

## ഉപമേഖല - സ്കോളർഷിപ് പരീക്ഷ പരിശീലനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ് മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | എൽ എസ് എസ് , യു എസ് എസ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം നൽകൽ. | | | | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കും.<br>. പതിപ്പ് നിർമ്മാണം<br>. പോസ്റ്റർ രചന<br>. സ്കിറ്റ്,ഫ്ലാഷ് മോബ്<br>. പ്രസംഗം | | | | |